(ബി) 4,87,69,238 രൂപ (നാലുകോടി എൺപത്തേഴുലക്ഷത്തി അറുപത്തിഒൻപതിനായിരത്തി ഇരുന്നൂറ്റിമുപ്പത്തി എട്ട് രൂപ).

(സി) ഉദ്ദേശ 56,335 കുടുംബങ്ങൾക്കാണ് ഇതുമൂലം പ്രയോജനം ലഭിച്ചിട്ടുള്ളത്.

കായലിൽ ഊന്നിവലകൾ അനുവദിക്കുന്നതിനുള്ള അപേക്ഷ

478. [592] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദനം മറുപടി നൽകുമോ :

(എ) കായലിൽ ഊന്നിവലകൾ അനുവദിക്കുന്നതിന് മൽസ്യത്തൊഴിലാളികളിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് ഊന്നിവലകൾ അനുവദിക്കാവുന്ന സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തെ കായലിൽ നിലവിലുള്ള സ്ഥിരം ഊന്നിവലകൾക്ക് പുറമെ എത്ര ഊന്നിവലകൾ എവിടെ എല്ലാം നൽകാൻ കഴിയുമെന്ന് തീരുമാനിക്കുമോ ;

(ഡി) അപ്രകാരം നിശ്ചയിക്കുന്ന സ്ഥലത്ത് മറ്റ് ജോലികൾ ഇല്ലാത്ത യഥാർത്ഥ മൽസ്യത്തൊഴിലാളികൾക്ക് നൽകാവുന്നത്ര ഊന്നികൾ നൽകി പുഴകളിലെ മൽസ്യത്തൊഴിലാളികളുമായുള്ള സംഘടനങ്ങൾ ഒഴിവാക്കാൻ ശ്രമിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഊന്നിവലകൾ അനുവദിക്കാവുന്ന സ്ഥലങ്ങൾ പ്രത്യേകമായി ക്ലിപ്തപ്പെടുത്തിയിട്ടില്ല. സംസ്ഥാനത്ത് കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് ഊന്നിവലകൾ അനുവദിച്ചിരുന്നത്. എന്നാൽ ബോട്ടുജെട്ടികളുടെയും വളളങ്ങൾ അടുപ്പിക്കാനുള്ള കടവുകളുടെയും 40 മീറ്റർ അകലത്തിൽ മാത്രമെ ഊന്നിവലകൾ അനുവദിക്കുവാൻ പാടുള്ളു എന്നും നദീമുഖങ്ങളിൽ ഊന്നിവലകൾ അനുവദിക്കാൻ പാടില്ല എന്നും നിയമം അനുശാസിക്കുന്നുണ്ട്. പോർട്ട് ഏരിയാകളിൽ ഊന്നിവല ലൈസൻസ് അനുവദിക്കുന്നതിന് പോർട്ട് അധികൃതരുടെ മുൻകൂർ സമ്മതവും വാങ്ങിയിരിക്കണം. ഈ നിബന്ധനകൾക്ക് വിധേയമായി അധികൃതർ നൽകുന്ന ലൈസൻസ് പ്രകാരം ഊന്നിവലകൾ പ്രവർത്തിപ്പിക്കാവുന്നതാണ്.

(സി) പുതുതായി ഊന്നിവലകൾ അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

മുഴുപ്പിലങ്ങാട് പഞ്ചായത്തിൽ ഒരു ഫിഷറീസ് ഡിസ്പെൻസറി

479. [593] ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മുഴുപ്പിലങ്ങാട് പഞ്ചായത്തിൽ ഒരു ഫിഷറീസ് ഡിസ്പെൻസറിക്ക് അനുവാദം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ഡിസ്പെൻസറിയുടെ കെട്ടിടം പണി പൂർത്തിയാക്കുകയും ആവശ്യമുള്ളത്ര സ്റ്റാഫിനെ അനുവദിക്കുകയും ചെയ്തിട്ടുണ്ടോ

LIBRARY ARCHIVES Kerala Legislative Assembly